LIBRARY ARCHIVES Kerala Legislative Assembly

കേരള സ്റ്റേറ്റ് ചിൽഡ്രൻസ് എഡ്യൂക്കേഷണൽ ഫിലിം ഫെസ്റ്റിവൽ

28 (6893) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ചിൽഡ്രൻസ് എഡ്യൂക്കേഷണൽ ഫിലിം ഫെസ്റ്റിവൽ ഏതു വർഷം മുതലാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഫെസ്റ്റിവലിൽ സമ്മാനാർഹമായ സിനിമകൾക്ക് സർക്കാർ നൽകുന്ന അവാർഡ് തുക എത്രയെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത അവാർഡ് തുക ഇനിയും നൽകാൻ ബാക്കിയുള്ളത് എത്ര സ്കൂളുകൾക്കാണെന്നും ടി തുക എത്രവീതമെന്നും ഏതൊക്കെ സ്കൂളുകൾക്കാണെന്നും ഏത് വർഷത്തിലേതാണെന്നും ലിസ്റ്റ് സഹിതം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ജലമണി പദ്ധതി

29 (6894) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഗ്രാമീണ വിദ്യാലയങ്ങളിലെ കുട്ടികൾക്ക് ശുദ്ധജലമെത്തിക്കുന്ന 'ജലമണി' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ജലമണി പദ്ധതി നടപ്പാക്കുന്ന സംസ്ഥാനത്തെ സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് ലഭിച്ച കേന്ദ്രഫണ്ടിന്റെ വിശദമായ കണക്കുകൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ നൽകുമോ ;

(ഇ) പ്രസ്തുത പദ്ധതിക്ക് ലഭ്യമായ കേന്ദ്രഫണ്ടും അനുവദിച്ച സംസ്ഥാന ഫണ്ടും പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാരണം വിശദമാക്കുമോ ;

(എഫ്) ജലമണി പദ്ധതി തുടരുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.